4. ഗ്യാസ് ക്രിമിറ്റോറിയം

സർക്കാരിൽ നിന്നുള്ള ധനസഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് നൽകുന്നു.

5. ഖരമാലിന്യ സംസ്കരണം

സർക്കാരിൽ നിന്നുള്ള ധനസഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് വിതരണം ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതികളുടെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മിഷൻ 676-ന്റെ ഭാഗമായി ടെറസ് ഫാമിംഗ്, ഹോം സ്റ്റെഡ് ഫാമിംഗ്

172 (7471) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ടെറസ് ഫാമിംഗ് യൂണിറ്റുകൾ, ഹോം സ്റ്റെഡ് ഫാമിംഗ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെത്രയാണ് ;

(ബി) ഇതിനാവശ്യമായ മാനവശേഷി, കാർഷിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) ടെറസ് കൃഷിക്കായി എം.കെ.എസ്.പി. പദ്ധതിവഴി പഞ്ചായത്തുകൾതോറും എഫ്.എഫ്.സി. കളിലൂടെ യന്ത്രങ്ങൾ ഉപയോഗിക്കാനും കൃഷി സഹായത്തിനായി കാർഷികസേന എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജൈവകൃഷിക്കാവശ്യമായ വളങ്ങൾ, കുടുംബശ്രീയുടെ തന്നെ ജെ.എൽ.ജി. ഗ്രൂപ്പുകൾവഴി ശേഖരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് സാമ്പത്തിക സഹായം

173 (7472) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കുന്ന, ഗ്രാമപഞ്ചായത്തുകളിലെ വീടുകളിലെയും വ്യാപാര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഖരമാലിന്യ സംസ്കരണ പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം സർക്കാർ ഫണ്ടിൽ ഉൾപ്പെടുത്തി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly